(ബി) ഇതിനുവേണ്ടി 8-ാം ധനകാര്യകമ്മീഷനു ശുപാർശ ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ കാർട്ടേഴ്സ് പണിയുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കാർട്ടേഴ്സ് പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 31-7-1986ന് മുമ്പ് ടെൻഡർ പരസ്യം ചെയ്യുന്നതാണ്.

വിജിലൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

343 [375] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 10-6-1986 വരെ വിജിലൻസ് വകുപ്പ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; എത്ര ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടികൾ എടുത്തു;

(ബി) ഇതുമൂലം എത്ര ഉദ്യോഗസ്ഥന്മാരെ സർവ്വീസിൽനിന്നും നീക്കം ചെയ്തു;

(സി) എത്ര സിനിമാ തിയേറ്ററുകളിൽ വിജിലൻസ് വകുപ്പ് പരിശോധനകൾ നടത്തി;

(ഡി) ഇതുമൂലം എത്ര തിയേറ്റർ ഉടമകളേയും ജീവനക്കാരേയും ശിക്ഷിച്ചു?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 349 കേസുകൾ രജിസ്റ്റർ ചെയ്തു. ഇതിൽ 122 ഗസറ്റഡ് ഉദ്യോഗസ്ഥൻമാരും 358 നോൺ ഗസറ്റഡ് ഉദ്യോഗസ്ഥൻമാരും 224 പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാരും പ്രതികളാണ്.

(ബി) ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനേയും 7 നോൺ ഗസറ്റഡ് ഉദ്യോഗസ്ഥൻമാരേയും സർവ്വീസിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്.

(സി) 330

(ഡി) ഇതുമൂലമുള്ള കേസുകളിൻമേൽ നടപടികൾ നടത്തി വരുന്നു. അവസാന തീർപ്പായാൽ മാത്രമേ ആരെയെല്ലാം ശിക്ഷിച്ചു എന്നുപറയാൻ സാധിക്കുകയുള്ളൂ.

പോലീസുകാർക്ക് മെഡൽ നൽകുന്നതിനുള്ള മാനദണ്ഡം

344 [376] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര പോലീസുകാർക്ക് മെഡൽ നൽകി;

(ബി) ഇവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly